# first bell-02

## സാമൂഹ്യ ശാസ്ത്രം–I

## CHAPTER-2 CLASS-3

അധ്യായം

02



# ലോകം ഇരുപതാം നൂറ്റാണ്ടിൽ



# PLAY

## ഹിറ്റ്ലറെ ജർമനിയിൽ അധികാരത്തിലെത്താൻ സഹായിച്ച ഘടകങ്ങൾ.

–ഒന്നാം ലോകയുദ്ധാനന്തരം ജർമനിയുടെ മേൽ അടിച്ചേൽപ്പിച്ച വേഴ്സായി സന്ധി.

–സാമ്പത്തിക തകർച്ചയും പണപ്പെരുപ്പവും.

–ജർമൻ ഭരണകൂടത്തിന് പരാജയവും രാഷ്ട്രീയ അസ്ഥിരതയും.


–ഹിറ്റ്ലറുടെ സംഘടനാ മികവും പ്രസംഗപാഠവവും.

# ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ





നാസി ഭരണകാലത്തെ ജൂതവേട്ടയുടെ അനുഭവവിവരണമാണ് ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ. നാസി വാഴ്ചക്കാലത്ത് ജർമനിയിൽ നിന്ന് ആൻ ഫ്രാങ്കിന്റെ കുടുംബം ഒളിച്ചു കടന്നു. എന്നാൽ നാസികളുടെ പിടിയിൽ അകപ്പെട്ട ആൻഫ്രാങ്കും സഹോദരിയും ഔഷ്വിറ്റ്സ് കോൺസൺട്രേഷൻ ക്യാംപിൽ അടയ്ക്കപ്പെടുകയും തുടർന്ന് മരണമടയുകയും ചെയ്തു.



## ചെമ്പകരാമൻപിള്ളയും നാസികളും

ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിതാന്ത്യംവരെ പോരാടിയ വിപ്ലവകാരിയാണ് മലയാളിയായ ചെമ്പകരാമൻപിള്ള. കാബൂൾ ആസ്ഥാനമാക്കി രാജ മഹേന്ദ്രപ്രതാപ് സ്ഥാപിച്ച ഒന്നാമത്തെ സ്വതന്ത്ര ഭാരത സർക്കാരിൽ വിദേശകാര്യമന്ത്രിയായിരുന്നു അദ്ദേഹം. ജർമനിയിലെ ദേശീയകക്ഷിയിൽ അംഗത്വമുള്ള ഏകവിദേശീയനായിരുന്ന അദ്ദേഹം ഹിറ്റ്ലറോടും നാസികളോടും അകന്നതോടെ അവരുടെ ശത്രുവായി. അദ്ദേഹത്തിന്റെ വസ്തുവകകൾ സർക്കാർ ജപ്തിചെയ്തു. ചെമ്പകരാമൻ പിള്ളയുടെ മരണത്തിന് നാസികളാണ് ഉത്തരവാദിയെന്ന് വിശ്വസിക്കപ്പെടുന്നു.



PLAY

# ഹിറ്റ്ലറിന്റെ ഭരണത്തിലെ സവിശേഷതകൾ എന്തെല്ലാം?

-ഹിറ്റ്ലർ നാസിസത്തിന്റെ പ്രധാന ശത്രുക്കളായ സോഷ്യലിസ്റ്റ്കളെയും,കമ്യൂണിസ്റ്റുകളെയും, ജൂതരെയും കൊന്നൊടുക്കി

-ഒന്നാം ലോകയുദ്ധത്തിൽ ജർമ്മനിക്ക് ഉണ്ടായ അപമാനങ്ങൾക്കും തിരിച്ചടികൾക്കും ഉത്തരവാദികൾ ജൂതർ ആണെന്ന് ആരോപിച്ചു.

-പ്രത്യേകം തയ്യാറാക്കിയ കോൺസൻട്രേഷൻ ക്യാമ്പുകളിൽ വച്ച് ജൂതരെ കൂട്ടക്കൊല ചെയ്തു.

-ഇതു ഹോളോകാസ്റ്റ് എന്നറിയപ്പെടുന്നു.

-ഇതിനായി <u>തവിട്ടു കുപ്പായക്കാർ</u> എന്ന സൈന്യത്തിനും <u>ഗസ്റ്റപ്പോ</u> എന്ന രഹസ്യ സംഘടനക്കും രൂപം നൽകി.

-ആര്യന്മാരാണ് ലോകത്തിലെ പരിശുദ്ധ വംശം എന്നും അവരാണ് ലോകം ഭരിക്കേണ്ടതെന്നും ജർമൻകാർ ആര്യൻമാരാണെന്നും ഹിറ്റ്ലർ അഭിപ്രായപ്പെട്ടു.

-നാസി പാർട്ടി ഒഴികെയുള്ള മറ്റു പാർട്ടികൾ നിരോധിച്ചു.

-തൊഴിലാളി സംഘടനകൾക്ക് വിലക്കേർപ്പെടുത്തി.

–സൈനിക സേവനം നിർബന്ധമാക്കി.

–വേഴ്സായി സന്ധിയിലെ വ്യവസ്ഥകൾക്കെതിരെ ജനങ്ങളിൽ പ്രതികാര മനോഭാവം വളർത്തിയെടുത്തു.

–സിനിമ, റേഡിയോ, വിദ്യാഭ്യാസം തുടങ്ങിയവ ആശയ പ്രചാരണത്തിന് ഉപയോഗിച്ചു.

–ആക്രമണോത്സുക വിദേശനയം സ്വീകരിച്ച് ആസ്ട്രിയ, ചെക്കോസ്ലോവാക്യ തുടങ്ങിയ രാജ്യങ്ങൾ ആക്രമിച്ചു.

–ഇറ്റലി, ജപ്പാൻ എന്നീ രാജ്യങ്ങളുമായി ചേർന്ന് സൈനിക സഖ്യം രൂപീകരിച്ചത് മറ്റൊരു യുദ്ധത്തിന് കാരണമായി.

# ഫാസിസത്തിന്റെയും നാസിസത്തിന്റെയും പ്രവർത്തനങ്ങളിലെ സമാനതകൾ

| ആശയങ്ങൾ | ഫാഷിസം | നാസിസം |
|---|---|---|
| വംശമഹിമ | -റോമാ സാമ്രാജ്യത്തിന്റെ പുനസ്ഥാപനം | -ആര്യ വംശം |
| ശത്രുക്കളെ ഉന്മൂലനം ചെയ്യൽ | -സോഷ്യലിസ്റ്റുകൾ, തൊഴിലാളി<br>-കർഷക നേതാക്കൾ എന്നിവരെ ശത്രുക്കളായി പ്രഖ്യാപിച്ചു.<br>-ഫാഷിസ്റ്റ് പാർട്ടിയെ എതിർത്തവരെ വധശിക്ഷയ്ക്ക് വിധേയരാക്കി | -നാസിസത്തിന്റെ പ്രധാന ശത്രുക്കളായ സോഷ്യലിസ്റ്റുകളെയും, കമ്മ്യൂണിസ്റ്റുകളെയും, ജൂതരെയും, ജനാധിപത്യവാദികളെയും കൊന്നൊടുക്കി. |
| സൈനിക സ്വേച്ഛാധിപത്യം | -കരിങ്കുപ്പായക്കാർ എന്ന സൈനിക വിഭാഗത്തെ ഉപയോഗിച്ച് എതിരാളികളെ അടിച്ചമർത്തി | -തവിട്ടു കുപ്പായക്കാർ എന്ന സൈന്യത്തെയും ഗസ്റ്റപ്പൊ എന്ന രഹസ്യ സംഘത്തെയും ഉപയോഗിച്ച് ജൂതരെ കൂട്ടക്കൊല ചെയ്തു. |
| ആക്രമണോത്സുകമായ വിദേശയനയം | -എത്യോപ്യ, അൽബേനിയ എന്നീ രാജ്യങ്ങളെ ആക്രമിച്ചു. | -ആസ്ട്രിയ, ചെക്കോ സ്ലോവാക്യ എന്നീ രാഷ്ട്രങ്ങളെ ആക്രമിച്ചു.<br>-ഇറ്റലി, ജപ്പാൻ എന്നീ രാജ്യങ്ങളുമായി ചേർന്ന് സൈനിക സഖ്യം രൂപീകരിച്ചു. |

# രണ്ടാം ലോകയുദ്ധം 1939 മുതൽ 1945 വരെ

## പശ്ചാത്തലം

–1919ലെ പാരീസ് സമാധാന സന്ധി പ്രകാരം പരാജയപ്പെട്ട രാഷ്ട്രങ്ങളുടെ മുഴുവൻ കോളനികളും വിജയിച്ച രാജ്യങ്ങൾ കൈവശപ്പെടുത്തിയത്.

–ജർമ്മനി, ഇറ്റലി തുടങ്ങിയ രാജ്യങ്ങൾ കോളനികൾ പിടിച്ചെടുക്കാൻ മറ്റ രാഷ്ട്രങ്ങളെ അക്രമിച്ചത്.

–സൈനിക സഖ്യങ്ങളുടെ രൂപീകരണം

<u>അച്ചുതണ്ട് സഖ്യം</u>:– ജർമ്മനി, ഇറ്റലി, ജപ്പാൻ

<u>സഖ്യശക്തികൾ</u>:– ഇംഗ്ലണ്ട്, ഫ്രാൻസ്, ചൈന

–അച്ചുതണ്ട് ശക്തികളുടെ ആക്രമണം തടഞ്ഞു നിർത്തുന്നതിൽ സർവരാഷ്ട്ര സഖ്യം പരാജയപ്പെട്ടത്.

–ബ്രിട്ടനും ഫ്രാൻസും, അച്ചുതണ്ടു ശക്തികളായ ജർമനി, ഇറ്റലി, ജപ്പാൻ എന്നിവർ മറ്റ രാജ്യങ്ങളെ ആക്രമിച്ചപ്പോൾ അവരെ എതിർക്കാതെ പ്രീണനനയം സ്വീകരിച്ചത്.

–1939 സെപ്റ്റംബർ 1ന് ജർമനി പോളണ്ട് ആക്രമിച്ചത്.

ഇതോടെ സെപ്റ്റംബർ 3ന് സഖ്യകക്ഷികൾ ജർമനിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചത് രണ്ടാം ലോകയുദ്ധത്തിന് തുടക്കമായി.

## പേൾഹാർബർ ആക്രമണം



1941 ൽ ഹവായ് ദ്വീപിലെ അമേരിക്കൻ നാവികകേന്ദ്രമായ പേൾ ഹാർബർ ജപ്പാൻ ആക്രമിച്ചു. പസഫിക് മേഖലയിൽ ഇരുരാജ്യങ്ങൾക്കുമുണ്ടായിരുന്ന സാമ്പത്തികതാൽപ്പര്യങ്ങളാണ് ജപ്പാനെ ഇതിന് പ്രേരിപ്പിച്ചത്. ഇതിനെത്തുടർന്ന് ജപ്പാനെതിരെ യുദ്ധം പ്രഖ്യാപിച്ചുകൊണ്ട് അമേരിക്ക രണ്ടാം ലോകയുദ്ധത്തിൽ പ്രവേശിച്ചു.

# രണ്ടാം ലേകയുദ്ധത്തിന്റെ അവസാനം (രണ്ടാം ലേകയുദ്ധ ബാക്കിവെച്ചത്)

-സോവിയറ്റ് യൂണിയന്റെയും അമേരിക്കയുടെയും കടന്നുവരവ് രണ്ടാം ലോകയുദ്ധത്തിന്റെ ഗതി മാറ്റിമറിച്ചു.

-ഇറ്റലിയും, ജർമ്മനിയും കീഴടങ്ങി.

-മുസ്സോളിനിയെ നാട്ടുകാർ പിടികൂടി വധിച്ചു.

-ഹിറ്റ്ലർ ആത്മഹത്യ ചെയ്തു.

BIJU KK, HST SOCIAL SCIENCE GHSS TUVVUR, 2021-22

# PLAY

–കീഴടങ്ങാതെനിന്ന ജപ്പാനെ കീഴ്പ്പെടുത്തുന്നതിനായി സോവിയറ്റ് യൂണിയൻ ട്രാൻസ് സൈബീരിയയിലൂടെ ജപ്പാനിലേയ്ക്ക് നീങ്ങി.

–സോവിയറ്റ് യൂണിയൻ എത്തുന്നതിന് മുമ്പ് അമേരിക്ക 1945 ആഗസ്റ്റ് 6 ന് ലിറ്റിൽ ബോയ് എന്ന അണുബോംബ് ഹിരോഷിമയിലും ആഗസ്റ്റ് 9 ന് ഫാറ്റ്മാൻ എന്ന അണുബോംബ് നാഗസാക്കിയിലും വർഷിച്ചു.

–ജപ്പാൻ കീഴടങ്ങി.

–രണ്ടാം ലോകയുദ്ധം അവസാനിച്ചു.

# ALL THE BEST

BIJU KK

GHSS TUVVUR

MALAPPURAM - 9778300200